ഉത്തരം

(എ) ഉണ്ട്.

(ബി & സി) ഉണ്ട്. മലബാർ പ്രദേശത്തെ ദേവസ്വങ്ങൾക്കുവേണ്ടി ഒരു ദേവസ്വംബോർഡും സംസ്ഥാനത്ത് മൂന്ന് മേഖലകൾക്കുകൂടി (തിരുവിതാംകൂർ, കൊച്ചി, മലബാർ) ഒരു ഏകീകൃതബോർഡും രൂപീകരിക്കുന്നതിനായി ഒരു ബിൽ നിയമസഭയിൽ അവതരിപ്പിച്ചിട്ടുണ്ട്.

(ചോദ്യോത്തരസമയം കഴിഞ്ഞു)

(2837 മുതൽ 2875 വരെയുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.)

II ശ്രദ്ധക്ഷണിക്കൽ

(1) സഹകരണ ബാങ്കുകളിൽ നിന്നും കൂടുതൽ വായ്പകൾ അനുവദിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. തമ്പാനൂർ രവി : സർ, കേരളത്തിലെ അതിപ്രധാനമായ സഹകരണരംഗം നേരിടുന്ന വളരെ രൂക്ഷമായ പ്രശ്നമാണ് ബഹുമാനപ്പെട്ട സഹകരണവകുപ്പു മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനാഗ്രഹിക്കുന്നത്. നമ്മളെല്ലാവരും ഈ പൊതുമേഖല, സ്വകാര്യമേഖലാ ബാങ്കുകൾ നമുക്കുതരുന്ന വായ്പയുടെ നിക്ഷേപാനുപാതത്തെക്കുറിച്ച് വളരെ കുറഞ്ഞുപോയെന്ന് ബഹളം വയ്ക്കുന്ന ആളുകളാണ്. കക്ഷി രാഷ്ട്രീയത്തിനതീതമായി നമ്മളെല്ലാവരും ഈ കാര്യം പറയാറുണ്ട്. അത് സംസ്ഥാനത്തിന്റെ സാമ്പത്തിക മേഖലയ്ക്കുണ്ടാക്കുന്ന ആഘാതം വളരെ വലുതാണ്. അങ്ങനെയുള്ളപ്പോൾ സംസ്ഥാനത്തെ സഹകരണ ബാങ്കുകൾ സമാഹരിച്ചിരിക്കുന്ന നിക്ഷേപം, സഹകരണമേഖലയിലെ ഗുണഭോക്താക്കൾക്ക് വായ്പയായി നൽകാതെ ആദായം മാത്രം മോഹിച്ച് മറ്റു മേഖലകളിൽ മുടക്കുന്നതുമൂലം വിവിധ മേഖലകളിൽ സംസ്ഥാനത്തിനുണ്ടായിട്ടുള്ള പിന്നോക്കാവസ്ഥ വളരെ വലുതാണ്. സഹകരണ പ്രസ്ഥാനത്തിന്റെ അടിസ്ഥാന ഉദ്ദേശ ലക്ഷ്യങ്ങൾതന്നെ ഇതുമൂലം ലംഘിക്കപ്പെട്ടിരിക്കുകയാണ്. നമ്മുടെ സംസ്ഥാനത്തെ ഏറ്റവും പ്രധാനമെന്നു പറയുന്ന ഒന്ന്, വായ്പാ നിക്ഷേപത്തിന്റെ അനുപാതമാണ്. പിന്നെ നമുക്ക് അഖിലേന്ത്യാ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നു ലഭിക്കുന്ന വായ്പ നിക്ഷേപ അനുപാതം ഗണ്യമായി കുറഞ്ഞിരിക്കുകയാണ്. (നാഷണലൈസ്ഡ് ബാങ്കിന്റെ). 1999- സെപ്റ്റംബറിലെ കണക്കനുസരിച്ച് വായ്പാ നിക്ഷേപ അനുപാതം 39.38 -ഉം ലേറ്റസ്റ്റ് കണക്കനുസരിച്ച് 37-ഉം ആണെന്നാണ് മനസ്സിലാക്കുന്നത്. അതുപോലെ അഖിലേന്ത്യാ ധനകാര്യ സ്ഥാപനങ്ങളായ 'നബാർഡ്', ഐ.ഡി.ബി.ഐ., എൻ.സി.ഡി.സി. യു.റ്റി.ഐ., ജി.ഐ.സി., എൽ.ഐ.സി., ഐ.സി.ഐ.സി.ഐ., ഐ.എഫ്.സി.ഐ., എന്നിവിടങ്ങളിൽനിന്നും വന്നുവന്ന്, ഏറ്റവും കുറഞ്ഞ

LIBRARY ARCHIVES Kerala Legislative Assembly

വായ്പ ലഭിക്കുന്ന ഒരു സംസ്ഥാനമായി കേരളം മാറിയിരിക്കുന്നു. നാഷണലൈസ്ഡ് ബാങ്കുകൾ നമ്മെ വല്ലാതെ പ്രയാസത്തിലാക്കുന്നു. ആ സമയത്ത് ഇവിടെ ആശ്വാസം പകരേണ്ട മേഖലയാണ് സഹകരണമേഖല. ഇവിടെ എന്താണു സ്ഥിതി? കേരളത്തിലെ ഏറ്റവും വലിയ മുതലാളിയുടെ റോൾ അഭിനയിച്ചുകൊണ്ട് അമിതമായ പലിശയീടാക്കുന്ന, വലിയ ആർത്തിയുള്ള ഒരു സ്വകാര്യ മുതലാളിയുടെ പരിവേഷമാണ് ഇന്നിപ്പോൾ സംസ്ഥാന സഹകരണ മേഖല കൈക്കൊള്ളുന്നത്. കേരളത്തിലെ രൂക്ഷമായ തൊഴിലില്ലായ്മ നന്നായി അറിയാവുന്ന ചെറുപ്പക്കാരനായ ഒരു മന്ത്രിയാണ് അങ്ങ്. രൂക്ഷമായ തൊഴിലില്ലായ്മയ്ക്ക് ഒരു പരിധിവരെ പരിഹാരം കാണാൻ പര്യാപ്തമായ ഒരു മേഖലയാണ് കാർഷികമേഖല. അതുപോലെതന്നെയാണ് വ്യവസായ മേഖലയും ടൂറിസം മേഖലയും. ആ മേഖലകൾ ശക്തിപ്പെടുത്തിയാൽ മാത്രമേ രൂക്ഷമായ തൊഴിലില്ലായ്മയ്ക്ക് പരിഹാരം കാണാൻ കഴിയൂ. മഴ കാക്കുന്ന വേഴാമ്പൽപോലെ തൊഴിൽ കാത്തിരിക്കുന്ന ആളുകളുടെ എണ്ണം വളരെ കൂടുതലാണ്. കഴിഞ്ഞ ആഴ്ച ബഹുമാനപ്പെട്ട മന്ത്രി ശ്രീ. രാധാകൃഷ്ണൻ ഇവിടെ ഒരു ചോദ്യത്തിന് മറുപടി പറയുകയുണ്ടായി. സഭയിൽ അപ്പുറത്തും ഇപ്പുറത്തുമിരിക്കുന്ന ആളുകൾ നാൽപ്പതോളം ചോദ്യങ്ങൾ ചോദിച്ചു.

(അദ്ധ്യക്ഷവേദിയിൽ മി. ഡപ്യൂട്ടി സ്പീക്കർ)

സ്പീക്കർ അത് അനുവദിച്ചു. പി.എം.ആർ.ഐ. സ്കീമുൾപ്പെടെ കേരളത്തിലെ ചെറുപ്പക്കാരെ ബാധിക്കുന്ന തൊഴിലില്ലായ്മയ്ക്ക് പരിഹാരം കാണേണ്ട രംഗത്ത് വായ്പ കൊടുക്കുന്ന കാര്യത്തിൽ ബാങ്കുകൾ കാണിക്കുന്ന കുറ്റകരമായ അനാസ്ഥ... അതിന് പരിഹാരം കാണേണ്ട ഏക മേഖലയാണ് സഹകരണ മേഖല. എന്താണ് സ്ഥിതി? വന്നുവന്ന് സഹകരണ മേഖല അവർക്ക് ലഭിക്കുന്ന മുഴുവൻ ഡിപ്പോസിറ്റും ഒരു മുതലാളിയുടെ കാഴ്ചപ്പാടോടുകൂടി ട്രഷറിയിലും ബാങ്കുകളിലും നിക്ഷേപിച്ച് വൻപിച്ച പലിശ വാങ്ങി സായൂജ്യമടയുന്ന സ്ഥിതിയിലാണ് എത്തിനിൽക്കുന്നത്. എന്റെ കൈയിൽ റിസർവ് ബാങ്കിന്റെ 'സപ്ലിമെന്റ് റ്റു റിസർവ് ബാങ്ക് ബുള്ളറ്റിൻ 12/99' ആണിരിക്കുന്നത്. ആ ബുള്ളറ്റിൻ അനുസരിച്ച് അവസാനത്തെ കണക്കുമുണ്ട്. അതനുസരിച്ച് നമ്മുടെ സംസ്ഥാനത്തെ സഹകരണ ബാങ്കുകളുടെ വായ്പ നിക്ഷേപാനുപാതം അങ്ങൊന്ന് മനസ്സിലാക്കണം. ഞാൻ അവസാനത്തെ മാത്രം വായിക്കാം. 1998-99-ൽ ആന്ധ്രാ പ്രദേശിൽ കൊടുക്കുന്ന ക്രെഡിറ്റ് ഡെപ്പോസിറ്റ് റേഷ്യോ 373 ആണ്. കർണ്ണാടകയിൽ 92, തമിഴ്നാട്ടിൽ 56, വെസ്റ്റ് ബംഗാളിൽ 59, ത്രിപുരയിൽ 72, കേരളത്തിൽ 38 ശതമാനം. 1999 മാർച്ചിലെ കണക്കാണിത്. എന്റെ കൈയ്യിൽ വേറെയും കണക്കുകളുണ്ട്. ലേറ്റസ്റ്റായിട്ട് 1999-2000 ഫിനാൻഷ്യൽ ഇയർ വരുമ്പോൾ നമ്മുടെ സംസ്ഥാന സഹകരണ ബാങ്കിന്റെ ക്രെഡിറ്റ് ഡെപ്പോസിറ്റ് റേഷ്യോ 33.66 ശതമാനമാകാൻ പോവുകയാണ്. നിങ്ങൾ ആലോചിച്ചു നോക്കണം. നമ്മുടെ അയൽ സംസ്ഥാനങ്ങളിൽ ഈ വായ്പ അനുപാതം കൂടികൂടി വരുമ്പോൾ, ത്രിപുരയിലും ബംഗാളിലും ഒക്കെ കൂടിവരുംപോൾ കേരളത്തിൽ..... കഴിഞ്ഞവർഷം 38 ആയിരുന്നു. ഈ വർഷം

LIBRARY ARCHIVES Kerala Legislative Assembly

ലഭ്യമായ കണക്കനുസരിച്ച് 33.66 ശതമാനം. നമുക്ക് കാശില്ലാഞ്ഞിട്ടാണോ. 1999-2000 ആണ്ടിൽ 21-12-1999 വരെ സഹകരണ മേഖല 8,064 കോടി രൂപ കളക്ട് ചെയ്തിട്ടുണ്ട്. സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക് ഈ തുക എന്തു ചെയ്യുന്നു? ഈ തുക ട്രഷറികളിൽ നിക്ഷേപിക്കാൻ പാടില്ല എന്നാണ് റിസർവ് ബാങ്കിന്റെ തീരുമാനം. കേരളത്തിലെ ജില്ലാ സഹകരണ ബാങ്കുകളുടെ ട്രഷറിയിലെ ഡെപ്പോസിറ്റ് പറയാം, കൊല്ലം ജില്ലാ സഹകരണ ബാങ്ക് 75 കോടി രൂപ 21-3-2000-ന് ബഹുമാനപ്പെട്ട എസ്.ശർമ്മ തന്ന മറുപടിയാണ്. 15 ശതമാനം പലിശയ്ക്ക്. പത്തനംതിട്ട ജില്ലാ സഹകരണ ബാങ്ക് 25 കോടി രൂപ, തൃശ്ശൂർ ജില്ലാ സഹകരണ ബാങ്ക് 1,00,28,000 രൂപ 14 ശതമാനം പലിശ, ഇടുക്കി ജില്ലാ സഹകരണ ബാങ്ക് 125 കോടി ഡെപ്പോസിറ്റ് 15 ശതമാനം പലിശ. പാലക്കാട് ജില്ലാ സഹകരണ ബാങ്ക് 100 കോടി രൂപ പലിശ 15 ശതമാനം, മലപ്പുറം ജില്ലാ സഹകരണ ബാങ്ക് 100 കോടി രൂപ പലിശ, 15 ശതമാനം, കോഴിക്കോട് 100 കോടി രൂപ പലിശ 15 ശതമാനം. നബാർഡ് തരുന്നത് ആഗ്രിക്കൾച്ചർ പർപ്പസിനുവേണ്ടി പലിശ എത്രയാണ്; അഞ്ചര ശതമാനം. ഹാന്റ്ലൂം എട്ടര ശതമാനം, കയർ എട്ടര ശതമാനം, സ്മാൾ സ്കെയിൽ ഇൻഡസ്ട്രീസ് എട്ടര ശതമാനം. വേണമെങ്കിൽ നമുക്ക് ഒന്നോ രണ്ടോ ശതമാനം ഹാന്റ്ലിംഗ് ചാർജ് ഈടാക്കാം. നബാർഡ് വന്നുവന്നു ഇപ്പോൾ എന്താണ് സ്ഥിതിയെന്ന് അറിയാമോ? നബാർഡിന്റെ ബോറോയിംഗ്സിന്റെ കണക്ക് എന്റെ കൈയിലുണ്ട്. നബാർഡ് 1994-95-ൽ സംസ്ഥാന സഹകരണ ബാങ്കിനു 176 കോടി രൂപയാണ് തന്നിരുന്നത്. അത് 1995-96-ൽ 134 കോടി രൂപയായി. 1996-97-ൽ 180 കോടി രൂപയായി. 1997-98 ൽ 155 കോടിയായി. 1998-99-ൽ 57 കോടി രൂപയായി. ഇപ്പോൾ as on date നബാർഡ് നമുക്ക് തന്നിരിക്കുന്ന വായ്പ വെറും 40 കോടി രൂപ മാത്രമാണ്. നബാർഡ് മാത്രമല്ല ഐ.ഡി.ബി.ഐ. യുടെ കണക്ക് ഞാൻ പറയുന്നില്ല. SIDBI എൻ.സി.ഡി.സി. തുടങ്ങിയ എല്ലാ ആൾ ഇന്ത്യാ ധനകാര്യ സ്ഥാപനങ്ങളും ചെറുപ്പക്കാരനായ അങ്ങ് മന്ത്രിയായ സമയത്ത് പണ്ട് തന്നതിനും 25 ശതമാനം താഴ്ന്നു എന്നുപറഞ്ഞിരുന്നു. എന്താണ് കാരണം? ഞങ്ങൾ തരുന്ന തുക ശരിയായ രീതിയിൽ കാർഷിക പർപ്പസ്സിനു ഉപയോഗിക്കണം എന്നാണ് നബാർഡ് പറഞ്ഞിരിക്കുന്നത്. നിങ്ങളോ? വകമാറ്റി ട്രഷറിയിൽ ഡെപ്പോസിറ്റ് ചെയ്തു. സഹകരണ അക്കാഡമിക്ക് ഞാൻ എതിരല്ല. സഹകരണ അക്കാഡമിക്ക് കേരള സംസ്ഥാന സഹകരണ ബാങ്കിന് ഒരു കോടി രൂപ സംഭാവന കൊടുത്തു. ജില്ലാ സഹകരണ ബാങ്ക് തിരുവനന്തപുരം 75 ലക്ഷം രൂപ കൊടുത്തു. എറണാകുളം ജില്ലാ സഹകരണ ബാങ്ക് 75 ലക്ഷം രൂപ കൊടുത്തു. കൊല്ലം ജില്ലാ സഹകരണ ബാങ്ക് 50 ലക്ഷം രൂപകൊടുത്തു. പാലക്കാട് ജില്ലാ സഹകരണ ബാങ്ക് 50 ലക്ഷംരൂപ കൊടുത്തു. പത്തനംതിട്ട ജില്ലാ സഹകരണ ബാങ്ക് 1 ലക്ഷം രൂപ കൊടുത്തു. കാട്ടിലെ തടി തേവരുടെ ആന പിടിയെടാ പിടി. അങ്ങനെ പലരും ഡെപ്പോസിറ്റ് തരികയാണ്. ഇതെല്ലാം വാങ്ങി ട്രഷറിയിൽ ഇടുക അതിന്റെ പലിശ വാങ്ങുക അത്യാവശ്യമായി ഗവൺമെന്റിനു പണം എടുക്കുക. ഈ രാജ്യത്തെ പ്രത്യുല്പാദന രംഗത്ത് ഒരു കാര്യവും നടക്കുകയില്ല. നബാർഡിന്റെ സ്ഥിതി എന്താണ്? നബാർഡ് തുക വിതരണം ചെയ്യുന്നത് നിർത്തിവച്ചിരിക്കുകയാണ്. ജില്ലാ സഹകരണ

LIBRARY ARCHIVES Kerala Legislative Assembly

ബാങ്കിൽനിന്നും ട്രഷറിയിലേയ്ക്ക് നിക്ഷേപിച്ച തുകകൾ അടിയന്തിരമായി വിത്ഡ്രാ ചെയ്തില്ലെങ്കിൽ ഞങ്ങൾ ഇനി ഒരു പൈസപോലും തരില്ലെന്ന് നബാർഡ് പറഞ്ഞിരിക്കുകയാണ്. നബാർഡിന്റെ ഡെപ്യൂട്ടി ചീഫ് ജനറൽ മാനേജർ ശ്രീ. ഇ. കെ. അഗർവാൾ അങ്ങേയ്ക്ക് 1999, 21-ാം തീയതി ജൂലായിൽ ഒരു കത്ത് എഴുതിയിട്ടുണ്ട്. ആ കത്തിൽ പറഞ്ഞത് റിസർവ് ബാങ്കിന്റെ Circular letter No. BC 31-03-03 01/92-93 dated 16 October 1992. ആ തീരുമാനം അനുസരിച്ച് സംസ്ഥാന സഹകരണ ബാങ്കുകൾക്ക് നൽകുന്ന തുക അധികമായിട്ട് മറ്റ് മേഖലകളിൽ ഡെപ്പോസിറ്റ് ചെയ്താൽ ഞങ്ങൾ ഈ വായ്പ പൂർണ്ണമായി തരില്ല. You may, therefore, advise the concerned DCBs to withdraw the deposits already kept with the District Treasury immediately. You may also please note that pending receipt of satisfactory compliance in this regard, the refinance assistance under various lines of credit, both schematic and non-schematic, from NABARD to your bank and the concerned DCBs stands suspended. ഇപ്പോൾ തരുന്നില്ല. നബാർഡ് ടേക്കപ്പ് ചെയ്യുന്നുണ്ടോ? നബാർഡ് 500-600-800 കോടിവരെ തന്നിരുന്ന സ്ഥാനത്ത് ഇപ്പോൾ 40 കോടി രൂപയാണ് തരുന്നത്. വളരെ പ്രധാനപ്പെട്ട വിഷയമാണ്. ഇതാണ് നബാർഡിന്റെ സ്ഥിതി? എൽ.സി.ഡി.സി. എന്താണ് ചെയ്തത്? കേരളത്തിലെ പ്രാഥമിക സഹകരണ സംഘങ്ങൾക്ക് വായ്പ നൽകുന്നതിനായി എൽ.സി.ഡി.സി. ഈ വർഷം 300 കോടിരൂപ നൽകി. പക്ഷെ ഈ ഗവൺമെന്റ് അതിൽനിന്ന് ഒരു പൈസപോലും കേരളത്തിലെ പ്രാഥമിക സഹകരണ ബാങ്കുകൾക്ക് നൽകിയില്ല. എനിക്ക് പറയാനുള്ളത് ദേശസാൽകൃത ബാങ്കുകളുടെ ക്രെഡിറ്റ് റേഷ്യോ കുറയുന്നു. ആകെ ആശ്വാസമുള്ളത് സഹകരണ മേഖലയാണ്. കാർഷിക വ്യവസായിക രംഗത്തെ പ്രശ്നങ്ങൾ പരിഹരിക്കണമെങ്കിൽ, തൊഴിലില്ലായ്മയ്ക്ക് പരിഹാരം കാണണമെങ്കിൽ ഇന്നത്തെ മുതലാളിത്ത സമീപനം മാറ്റിക്കൊണ്ട് ഉദാരമായ വ്യവസ്ഥകളിൽ കേരളത്തിലെ ആളുകൾക്ക് വായ്പ കൊടുക്കാനുള്ള നടപടി സ്വീകരിക്കണമെന്നാണ് എന്റെ വിനീതമായ അഭ്യർത്ഥന.

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) : സർ, സംസ്ഥാനത്തെ സഹകരണ ബാങ്കുകളുടെ വായ്പയുടെ തോത് കുറയുകയും അതുമൂലം യഥാർത്ഥ ഗുണഭോക്താക്കൾക്ക് പ്രയോജനം ലഭിക്കാതെ വരികയും ചെയ്യുന്ന സാഹചര്യം ഇന്ന് സംസ്ഥാനത്ത് നിലവിലില്ല എന്നാണ് ഗവൺമെന്റിന്റെ അഭിപ്രായം. ഇന്ന് പ്രാഥമിക തലത്തിലാണ് കർഷകർക്ക് വായ്പ അനുവദിച്ചുവരുന്നത്. പ്രാഥമിക സഹകരണ ബാങ്കുകളിൽ സ്വരൂപിക്കുന്ന മുഴുവൻ തുകയും കാർഷിക ആവശ്യത്തിന് വിനിയോഗിക്കുവാൻ നിർവ്വാഹമില്ല. കൃഷിക്കാരുടെ ആവശ്യത്തിന് അപേക്ഷ സമർപ്പിക്കുമ്പോൾ ആ അപേക്ഷ പരിഗണിക്കാതിരിക്കുന്നു എന്ന യാതൊരു പരാതിയും ഇതുവരെ സംസ്ഥാനത്തെ ഏതെങ്കിലും തലത്തിൽനിന്ന് ഗവൺമെന്റിന്റെ ശ്രദ്ധയിൽ വന്നിട്ടില്ല. അഥവാ ഏതെങ്കിലും തലത്തിൽനിന്നും അങ്ങനെ പരാതി ലഭ്യമാകുകയാണെങ്കിൽ അതു പരിഹരിക്കുന്നതിനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കുകയും ചെയ്യും.

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെ ചൂണ്ടിക്കാണിച്ചത്, ഉയർന്ന പലിശ നിരക്കിൽ അധികം സ്വരൂപിക്കുന്ന നിക്ഷേപങ്ങൾ വിനിയോഗിക്കുന്നതിനുള്ള പുതിയ മാർഗ്ഗങ്ങൾ കണ്ടെത്തേണ്ടതായിട്ടുണ്ട്. ഇതു കണക്കിലെടുത്തുകൊണ്ട് പ്രാഥമിക സർവ്വീസ് സഹകരണ സംഘങ്ങൾക്ക് വിനോയിഗിക്കാവുന്ന വായ്പയുടെ പരിധി, മാർഗ്ഗം എന്നിവ സംബന്ധിച്ച് രജിസ്ട്രാർ അതാത് വർഷം ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്യാറുണ്ട്. ഒരു ലക്ഷംരൂപ വായ്പ കൊടുത്തിരുന്ന ഒരു കർഷകന് ഇപ്പോൾ പുതുക്കിയ ഉത്തരവ് അനുസരിച്ച് ഒരു ലക്ഷംരൂപയുടെ സ്ഥാനത്ത് മൂന്നു ലക്ഷം രൂപവരെ വായ്പ നല്കുന്നതിനു ഈ സമീപ കാലത്തുതന്നെ ഗവൺമെന്റിന്റെ നിർദ്ദേശപ്രകാരം രജിസ്ട്രാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രാഥമിക സംഘങ്ങളുടെ വിഭവശേഷി അംഗങ്ങളുടെ വർദ്ധിച്ചുവരുന്ന വായ്പ ആവശ്യങ്ങൾ നിറവേറ്റുന്നതിലേയ്ക്കായി വിനിയോഗിക്കുന്നതിനും അതുവഴി സംഘത്തിന്റെ പ്രവർത്തനം കൂടുതൽ ലാഭകരമാക്കുന്നതിനുംവേണ്ടി സംസ്ഥാനത്തെ പ്രാഥമിക വായ്പ സംഘങ്ങൾ അവയുടെ അംഗങ്ങൾക്ക് നൽകാവുന്ന വിവിധയിനം വായ്പയുടെ പരിധി സംഘങ്ങളുടെ വിഭവശേഷി ഇവ ബന്ധപ്പെടുത്തി നിക്ഷേപിക്കുന്നതിനു അനിവാര്യമാണ്. ആ പ്രക്രിയ തുടരുന്നത്, ഉണ്ടായിക്കൊണ്ടിരിക്കുന്ന മാറ്റങ്ങൾ ഉൾക്കൊള്ളുവാനും അത് മനസ്സിലാക്കിക്കൊണ്ട് പ്രവർത്തിക്കുവാനും കഴിഞ്ഞാൽ മാത്രമേ സംഘങ്ങൾക്ക് നിലനിൽക്കുവാൻ കഴിയുകയുള്ളൂ. ഇത്തരം ഒരു പരിതഃസ്ഥിതിയിൽ സഹകരണ സംഘങ്ങൾ ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ അടിസ്ഥാന പ്രമാണങ്ങൾ ലംഘിക്കാതെ അത് മുറുകെ പിടിക്കുകയും ഉല്പാദന മേഖലയ്ക്ക് ഊന്നൽ നല്കിക്കൊണ്ട് വായ്പ സംവിധാനം വികസിപ്പിച്ചെടുക്കുകയും ചെയ്യുന്നതോടൊപ്പം പുതിയ പദ്ധതികൾക്കും വായ്പ നൽകുകയും മിച്ച ധനം (സർപ്ലസ് ഫണ്ട്) എപ്രകാരം കേരള സമൂഹത്തിന്റെ വികസന പ്രക്രിയയ്ക്കായി വിനിയോഗിക്കാം എന്നുള്ളതുകൂടി ഈ സന്ദർഭത്തിൽ പരിഗണിക്കപ്പെടേണ്ടതാണ്. ഇതു കണ്ടുകൊണ്ടാണ് നിയമനിർമ്മാണ ഘട്ടത്തിൽ സംസ്ഥാനത്തിന്റെ വികസനത്തിനു വേണ്ടിയുള്ള കൺസോർഷ്യം ലെന്റിംഗ് സ്കീം ആക്കിൽത്തന്നെ വിഭാവന ചെയ്യാൻ ഇട വന്നത്.

സർ, നമ്മൾ നിക്ഷേപിക്കുന്നതായിട്ടുള്ള തുക വായ്പയായി ഉൽപാദന മേഖലയിലേയ്ക്ക് ഊന്നൽ നൽകി വിനിയോഗിക്കുമ്പോൾതന്നെ ആ ആവശ്യം പരമാവധി നിറവേറ്റിക്കൊണ്ട്, ഒന്നും ബാക്കി വയ്ക്കാതെ വരുന്ന ഘട്ടത്തിലും വരുന്ന മിച്ച ഫണ്ട് എപ്രകാരം സംസ്ഥാനത്തിന്റെ വികസനത്തിനായി വിനിയോഗിക്കാം, അതിന് ആക്ടിൽ അപ്രകാരമൊരു ഭേദഗതി തന്നെ നിർദ്ദേശിച്ച രീതിയിൽ കൊണ്ടുവരികയും നമ്മുടെ സഭ പാസ്സാക്കുകയും ചെയ്തു. 31-3-1999-ൽ പ്രാഥമിക സഹകരണബാങ്കുകൾ വ്യക്തികൾക്ക് 3,68,286 ലക്ഷം രൂപ ലോൺ ഇനത്തിൽ നൽകിയിട്ടുണ്ട്. ഇതു മുൻവർഷത്തേക്കാൾ 44,356 ലക്ഷം രൂപ കൂടുതലാണ്. ക്രമാനുഗതമായി കഴിഞ്ഞ വർഷങ്ങളെ അപേക്ഷിച്ച് ലോൺ നൽകുന്ന കാര്യത്തിൽ തുക കൂടിയിട്ടുണ്ട്. ആവശ്യക്കാരുടെ ആരുടെയെങ്കിലും അപേക്ഷ, ന്യായമായ ഒരു അപേക്ഷയും നിരാകരിച്ചതായി ഒരു പരാതിയും ഗവൺമെന്റിന്റെ ശ്രദ്ധയിൽ ഇതുവരെ വന്നിട്ടില്ല. ഈ

LIBRARY ARCHIVES Kerala Legislative Assembly

കാര്യത്തിൽ സംസ്ഥാന സഹകരണബാങ്ക് സ്വരൂപിക്കുന്ന ധനം ജില്ലാ സഹകരണ ബാങ്കുകൾക്കും കാർഷികം, കാർഷികേതരം, വ്യവസായം, ഭവന നിർമ്മാണം എന്നീ ആവശ്യങ്ങൾക്കും കയർ, കൈത്തറി, കശുവണ്ടി മുതലായ പരമ്പരാഗത വ്യവസായങ്ങൾക്കും പ്രയോജനപ്പെടുത്തുന്നു. സംസ്ഥാന സഹകരണ ബാങ്കിനെ സംബന്ധിച്ച് അധികമായി സ്വരൂപിക്കുന്ന മിച്ചധനം ഉപയോഗപ്പെടുത്തുന്നതിന് പുതിയ മാർഗ്ഗങ്ങളും പുതിയ മാനങ്ങളും ഇന്നത്തെ സാഹചര്യത്തിൽ രൂപപ്പെടുത്തി എടുക്കേണ്ടതുണ്ട്. അതിന് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്, സംസ്ഥാനത്തിന്റെ ഉൽപ്പാദനമേഖലയിൽ ഊന്നൽ നൽകിക്കൊണ്ട് പ്രാധാന്യത്തോടുകൂടി, വയബിളായി കൃഷിയുടെയും വ്യവസായത്തിന്റെയും, വളർച്ചയ്ക്ക് സഹായകരമായ വ്യാവസായിക സംരംഭത്തിന് അടിത്തറയിടാൻ കഴിയുന്ന കാർഷികസംരക്ഷണത്തിനും പരസ്പരപൂരകമാക്കിക്കൊണ്ട് മിച്ചം വരുന്ന മൂലധനം വിനിയോഗിക്കുന്നതിന് ഗവൺമെന്റ് ഊന്നൽ നൽകുകയാണ്. സംസ്ഥാന സഹകരണബാങ്കും പൊതുമേഖലാ സ്ഥാപനങ്ങളും മറ്റു ബാങ്കുകളും ലോൺ നൽകുന്നുണ്ട്. വ്യക്തികൾക്ക് സ്വയംതൊഴിൽ, വ്യവസായം എന്നിവ തുടങ്ങുന്നതിനും, വാഹനങ്ങൾ, ഗൃഹോപകരണങ്ങൾ എന്നിവ വാങ്ങുന്നതിനും ഉപരിപഠനത്തിനും വായ്പകൾ നൽകിവരുന്നുണ്ട്. ജില്ലാ ബാങ്കുകൾക്കും മറ്റു സഹകരണ സംഘങ്ങൾക്കും അപ്പക്സ് സംഘങ്ങൾക്കും വായ്പ നൽകിയശേഷം മിച്ചഫണ്ട് ഉണ്ടെങ്കിൽ വായ്പയുടെ ആവശ്യം നിറവേറ്റപ്പെട്ടശേഷം ആ സർപ്ലസ് ഫണ്ട് ആദായകരമായി മറ്റു മേഖലകളിൽ മുടക്കാതിരുന്നാൽ സാമ്പത്തിക മാനേജ്മെന്റ് ശരിയായിരിക്കുകയില്ല എന്ന കാഴ്ചപ്പാടുകൂടി അടിസ്ഥാനമാക്കിക്കൊണ്ടാണ് ഇപ്പോൾ നടത്തുന്ന രീതി. അതായത് വായ്പക്കാരുടെ ആവശ്യം നിറവേറ്റിയശേഷം വരുന്ന മിച്ചഫണ്ട് ബാങ്കിന്റെ ആദായകരമായ നിലനിൽപ്പിന് ഉപയോഗപ്പെടുത്തി എന്നുള്ളത് ഒരു ധനകാര്യ സ്ഥാപനം കൈകാര്യം ചെയ്യുന്ന അതിന്റെ മാനേജ്മെന്റിന് അനിവാര്യമായിട്ടുള്ള ഘടകമാണ്. കാലോചിതമായ മാറ്റങ്ങൾ ഉൾക്കൊള്ളാനും ഫണ്ട് വിനിയോഗം കണ്ടെത്തേണ്ടത് സഹകരണബാങ്കിന് അത്യാവശ്യമാണ്. ഇവിടെ പല ജില്ലാ ബാങ്കുകൾക്കും കൊടുത്തിട്ടുള്ള വായ്പകളെക്കുറിച്ച് അങ്ങു പറഞ്ഞു. ഉദാഹരണത്തിന് പാലക്കാട് ജില്ലാ ബാങ്ക് 100 കോടി രൂപ 15 ശതമാനം പലിശയ്ക്ക് വായ്പ കൊടുത്തത് ചട്ടങ്ങൾക്ക് വിരുദ്ധമാണെന്ന രീതിയിൽ ചൂണ്ടിക്കാണിച്ചു. എല്ലാ ബാങ്കുകളെക്കുറിച്ചും പറഞ്ഞു. കൂടുതൽ തുക കൊടുത്തിട്ടുള്ളത് പാലക്കാട് ജില്ലാ ബാങ്കാണെന്നു പറഞ്ഞു. പാലക്കാട് ജില്ലയിലെ കാർഷികാവശ്യത്തിന് സഹകരണനിയമപ്രകാരം കൊടുക്കേണ്ടതായ എല്ലാ ആവശ്യങ്ങളും നിറവേറ്റപ്പെട്ടശേഷം മിച്ചഫണ്ട് അവിടെയുണ്ട്. ഇത്തരമൊരു സാഹചര്യത്തിൽ പാലക്കാട് ജില്ലയിൽ കെ.എസ്.ആർ.ടി.സി. ബസ് വാങ്ങുന്നതിന് ജില്ലാ ബാങ്ക് കൂടുതൽ തുക, 15 ശതമാനം പലിശയ്ക്ക് വായ്പ കൊടുക്കുന്ന സ്ഥിതിയിലേയ്ക്കു വന്നു. അവിടെ സർപ്ലസ് ഫണ്ട് സ്റ്റാഗ്നേറ്റ് ചെയ്യാതിരിക്കാൻ, അതേ അവസരത്തിൽ സ്റ്റേറ്റിന്റെ ഡെവലപ്മെന്റ് ആക്ടിവിറ്റീസിന് എപ്രകാരം വിനിയോഗിക്കേണ്ടതുണ്ട് എന്നു കണ്ടുകൊണ്ട് പത്ത്-നൂറ് ബസ്സുകൾ വാങ്ങുന്നതിനുള്ള വായ്പ കൊടുത്തു. പൈസ കൃത്യമായി തിരിച്ചടയ്ക്കുകയും

LIBRARY ARCHIVES Kerala Legislative Assembly

അതിന്റെ വിനിമയം നടക്കുകയും ചെയ്യുന്നുണ്ട്. നിക്ഷേപിക്കുന്നതായിട്ടുള്ള തുകയുടെ വിനിമയം നടന്നില്ലെങ്കിൽ നിക്ഷേപകർക്ക് പലിശ തിരിച്ചുകൊടുക്കാൻ കഴിയാതെ വന്നാൽ നിക്ഷേപം തന്നെ സ്തംഭനാവസ്ഥയിലാക്കുകയും ബാങ്ക് പ്രതിസന്ധിയിലാകുകയും ചെയ്യും. ഇത്തരമൊരു പ്രതിസന്ധി ഒഴിവാക്കിയെടുക്കുന്നതിന് സഹായകരമായവിധത്തിലുള്ള സാമ്പത്തിക മാനേജ്മെന്റ് ആവശ്യമായി വരാം. എന്നാൽ ഈ കാര്യത്തിൽ 'നബാർഡ്' പറയുന്നതായ ചില സംഗതികളുണ്ട്. അതിൽ സംസ്ഥാന ഗവൺമെന്റിന് അടിസ്ഥാനപരമായി യോജിപ്പില്ല. വായ്പ വിതരണ സംവിധാനത്തിൽ 'നബാർഡ്' വടക്കേ ഇന്ത്യയിലെ രീതിയും ശീലവും വച്ചുകൊണ്ട് എല്ലാ സംസ്ഥാനങ്ങളേയും ഒരുപോലെ അളക്കാൻ ശ്രമിച്ചാൽ, അത് ഒരു സംസ്ഥാനത്തിന്റെയും പ്രത്യേകതകൾ കണക്കിലെടുത്ത് ഫണ്ട് ദുർവിനിയോഗം ചെയ്യുകയില്ലെന്നു ഉറപ്പുവരുത്തണം. അതേ അവസരത്തിൽ സംസ്ഥാനത്തിന്റെ പ്രത്യേകതകൾ കൂടി കണക്കിലെടുത്തുകൊണ്ട് അഭിപ്രായങ്ങൾ പരിഗണിക്കാനുള്ള ബാദ്ധ്യത 'നബാർഡ്' നുണ്ട്. 'നബാർഡി'ന്റെ ഈ കാര്യത്തിലുള്ള ചില നിലപാടുകളോട് ഗവൺമെന്റിന് യോജിപ്പില്ല. ആ നിലപാടിന് സഹായകമായ വിധത്തിലാണ് അങ്ങ് അഭിപ്രായം പറഞ്ഞിരിക്കുന്നതെന്ന് ഞാൻ കണക്കാക്കുന്നില്ല. 'നബാർഡ്' ചൂണ്ടിക്കാണിച്ച ഒരു വിവരം ശ്രദ്ധയിൽപ്പെടുത്തിയെന്നുള്ള രീതിയിലേ ഞാൻ അതിനെ കാണുന്നുള്ളൂ. 'നബാർഡ്' ഈ കാര്യത്തിൽ ചില സാങ്കേതിക ന്യായങ്ങൾ പറഞ്ഞുകൊണ്ട്, തടസ്സവാദങ്ങൾ ഉന്നയിക്കുന്നതിനോട് സ്റ്റേറ്റ് ഗവൺമെന്റിന് യോജിപ്പില്ല. കേരളത്തെ സംബന്ധിച്ചിടത്തോളം നിയമസഭ പാസ്സാക്കിയിട്ടുള്ള സഹകരണ നിയമത്തിനു വിധേയമായി ബാങ്കിംഗ് റെഗുലേറ്ററി ആക്ടനുസരിച്ച് പ്രവർത്തിച്ചു വരുന്നു എന്നുതന്നെയാണ് ഗവൺമെന്റ് കണക്കാക്കുന്നത്. സംസ്ഥാനത്തിന്റെ വികസന പ്രക്രീയയ്ക്കും ഉൽപാദനമേഖലയ്ക്കും ഊന്നൽ നൽകി, ഇന്നുള്ള മുരടിപ്പ് എങ്ങനെ മാറ്റിത്തീർക്കാം എന്നാണ് നോക്കുന്നത്. പലിശയുടെ പ്രശ്നം അങ്ങു ചൂണ്ടിക്കാണിച്ചു. ആ പലിശ, ഒരു ഏകീകരിച്ച സ്വഭാവത്തിലുള്ള പലിശ നിരക്കാക്കി മാറ്റുന്നതിനു ഗവൺമെന്റ് നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. തമ്പാനൂർ രവി : സപ്ലിമെന്റ് ടു ആർ.ബി.ഐ. ബുള്ളറ്റിൻ ആണ് ഞാനിവിടെ റഫർ ചെയ്തത്. അതിൽ 1995-96-ൽ നമ്മുടെ വായ്പ നിക്ഷേപ അനുപാതം. സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക് ഓഫ് കേരളയുടേത് 113 ശതമാനമായിരുന്നു. നമ്മളിപ്പോൾ ഡിസ്കസ് ചെയ്യുന്ന ഈ സമയത്ത് അത് 33.66 ശതമാനമാണ്. ഇങ്ങനെ വായ്പ നിക്ഷേപ അനുപാതം കുറയ്ക്കാനുണ്ടായ സാഹചര്യത്തിൽ അതിനെന്താണ് കാരണമെന്നും അതെങ്ങനെ പരിഹരിക്കാമെന്നതിനെക്കുറിച്ചും സംസ്ഥാന കോ-ഓപ്പറേറ്റീവ് ബാങ്കുമായി, ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരുമായി ചർച്ച നടത്താൻ ഗവൺമെന്റ് തയ്യാറാകുമോ ?

ശ്രീ. എസ്. ശർമ്മ : 3,68,286 ലക്ഷം രൂപയാണ് ഇത്തവണ വായ്പയായി നൽകിയിട്ടുള്ളത്. ഇതു കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് 44,356 ലക്ഷം രൂപ കൂടുതലാണ്. വായ്പയ്ക്കായി സമീപിക്കുന്ന അപേക്ഷകരുടെ ഒരു അപേക്ഷപോലും അകാരണമായി നിരാകരിച്ചിരിക്കുന്നു എന്നുള്ള പ്രശ്നം

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റിന്റെ മുന്നിലില്ല. അതേ അവസരത്തിൽ നിക്ഷേപിക്കുന്നതായിട്ടുള്ള തുക മുഴുവനായി വായ്പയായി പോകാതിരിക്കുന്നത്, അപേക്ഷകർ അപേക്ഷിച്ചിട്ട് കൊടുക്കാത്തതിന്റെ ഫലമായി പോകാത്തതല്ല. അങ്ങനെ ഗവൺമെന്റ് കണക്കാക്കുന്നില്ല. സർപ്ലസ് ഫണ്ടിന്റെ തോതനുസരിച്ചാണ് പെർസന്റേജ് കണക്കാക്കുന്നത്. സർപ്ലസ് ഫണ്ട് ഉണ്ടെന്നുള്ളത് ഗവൺമെന്റ് കാണുകയാണ്. അതെങ്ങനെ സംസ്ഥാനത്തിന് വിനിയോഗിക്കാ മെന്നുള്ളതു സംബന്ധിച്ച് കുറേക്കൂടി കാലോചിതമായ പരിഷ്ക്കാരവും, ആവശ്യമായ ചർച്ചകളും അനിവാര്യമാണെന്ന് കണക്കിക്കുകയാണ്.

(2) സ്വകാര്യ വനഭൂമിയായി മാറ്റപ്പെട്ട മിച്ചഭൂമി ഭൂരഹിതർക്ക് നൽകേണ്ടതിന്റെ ആവശ്യകത

ശ്രീ. ജോസ് ബേബി : സർ, നമ്മുടെ സംസ്ഥാനത്തെ സ്വകാര്യ വനഭൂമിയായി മാറ്റപ്പെട്ട മിച്ചഭൂമി ഭൂരഹിതർക്ക് നൽകേണ്ടതിന്റെ ആവശ്യകത യിലേയ്ക്കാണ് ഞാൻ ബഹുമാനപ്പെട്ട റവന്യൂവകുപ്പ്മന്ത്രിയുടെ ശ്രദ്ധക്ഷണിക്കുന്നത്. കേരളാ ഭൂപരിഷ്കരണ നിയമത്തിലെ ഭൂപരിധി വ്യവസ്ഥയിൽ നിന്നും ഒഴിവാക്കുന്നതിനുവേണ്ടി പല ഭൂ ഉടമകളും ഭൂമി സ്വകാര്യ വനഭൂമിയായി കാണിച്ചിരിക്കുന്നു. ഇത്തരം ഭൂമികളിൽ പലതും ഇപ്പോൾ വിവിധ കോടതി വിധികളെത്തുടർന്ന് ഭൂവുടമകൾക്ക് തിരിച്ചു നൽകേണ്ട സ്ഥിതിയാണുണ്ടായിക്കൊണ്ടിരിക്കുന്നത്. യഥാർത്ഥത്തിൽ മിച്ചഭൂമിയായ ഈ ഭൂമി നമ്മുടെ സംസ്ഥാനത്തെ ലക്ഷക്കണക്കായ ഭൂരഹിതർക്ക് ലഭിക്കേണ്ടതാണ്. അതുകൊണ്ട് നിക്ഷിപ്ത വനഭൂമിയുടെ ഭാഗമായതും ഭൂവുടമകൾക്ക് തിരിച്ചുനൽകാൻ കോടതിവിധിയുള്ളതുമായ ഭൂമി ഭൂരഹിതർക്ക് വിതരണം നടത്തേണ്ടതാണ്. 1971-ൽ നടപ്പാക്കിയ സ്വകാര്യവനം നിക്ഷിപ്തമാക്കലും പതിച്ചുകൊടുക്കലും നിയമത്തിന്റെ നൂലാമാലകളിൽ നിന്ന് ഇനിയും മോചനം ലഭിക്കാത്ത അനേകം കർഷകരും കർഷകത്തൊഴിലാളികളുമുണ്ട്. നമ്മുടെ സംസ്ഥാനത്ത് സർക്കാരിൽ വനഭൂമി വന്നശേഷം, ദേശവൽക്കരണ നിയമത്തിനുശേഷം എട്ടു ലക്ഷത്തോളം ഹെക്ടർ കൃഷിഭൂമി സർക്കാരിൽ നിക്ഷിപ്തമായിട്ടുണ്ട്. ഇതിൽ സുമാർ 25,000 ഹെക്ടർ കൃഷിഭൂമി മാത്രമാണ് അതിന്റെ അവകാശികൾക്ക് ലഭിച്ചിട്ടുള്ളത്.

(അദ്ധ്യക്ഷവേദിയിൽ ശ്രീ. പി. രാഘവൻ)

വനഭൂമി സംരക്ഷിക്കപ്പെടണമെന്ന അഭിപ്രായത്തെത്തുടർന്നാണ് സംസ്ഥാനത്തെ പുതിയ പരിതഃസ്ഥിതിയുമായി ബന്ധപ്പെട്ട് നമ്മുടെ രാജ്യത്ത് ചർച്ചകൾ നടക്കുന്നത്. വനഭൂമിയും വനവും സംരക്ഷിക്കപ്പെടേണ്ടതിന്റെ പ്രാധാന്യം നമ്മുടെ രാജ്യത്തെ ഏറ്റവും പ്രധാനപ്പെട്ട വിഷയമാണ്. നാളിതുവരെ
10 A.M.] യുള്ളതിൽ നിന്നും വ്യത്യസ്ഥമായി പരിസ്ഥിതി, വനം ഇവ സംരക്ഷിക്കപ്പെടുന്നതിനാവശ്യമായ ഒരു ജനകീയമായ, ജനങ്ങളുടെതന്നെ ഒരു മൂവ്മെന്റായിക്കൊണ്ടിരിക്കുകയാണ്. എന്നാൽ അതുള്ള പ്പോൾപോലും നമ്മുടെ സംസ്ഥാനത്ത് പല കാരണങ്ങളാൽ ഭൂമി ലഭിക്കാത്ത

LIBRARY ARCHIVES Kerala Legislative Assembly